ഭരണഭാഷ-മാതൃഭാഷ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
(ഹയർസെക്കന്ററി വിഭാഗം)
ജഗതി, തിരുവനന്തപുരം
e Mail – dhse.ker@gmail.com
Phone No 0471 2580759

നമ്പർ : HSE/1638/2025-Ad B5 തീയതി : 20-02-2025

## സർക്കുലർ

വിഷയം : പൊ.വി.വ – ഹ.സെ.വി – എച്ച്.എസ്.എസ്.റ്റി (വിവിധം) എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിൽ നിന്ന് എച്ച്.എസ്.എസ്.റ്റി തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനം കോൺഫിഡൻഷ്യൽ റിപ്പോർട്ട് ക്ഷണിക്കുന്നത് – സംബന്ധിച്ച്

സൂചന : 1. സർക്കാർ ഉത്തരവ് (പി)നം. 144/2001/പൊ.വി.വ തീയതി: 16/04/2001

2. 20-02-2025 തീയതിയിലെ ഇതേ നമ്പർ സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ച പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റ്.

2025 വർഷത്തിൽ സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിൽ വിവിധ വിഷയങ്ങളിൽ 2025 മാർച്ച്, എപ്രിൽ, മെയ് മാസങ്ങളിൽ എച്ച്.എസ്.എസ്.റ്റി തസ്തികയിൽ വിരമിക്കൽ മൂലം ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകളിലേക്ക് സ്പെഷ്യൽ റൂൾസ് പ്രകാരം തസ്തികമാറ്റ നിയമനം നൽകുന്നതിലേക്ക് അർഹരായ ജൂനിയർ അധ്യാപകർ അതാത് വിഷയത്തിൽ ഒഴിവുകൾക്ക് ആനുപാതികമായി (മൂന്നിരട്ടി) കോൺഫിഡൻഷ്യൽ റിപ്പോർട്ട്- 2022, 2023 ,2024 കലണ്ടർ വർഷത്തെ സ്കോർ (SCORE) മുഖേന ഓൺലൈൻ ആയി **07/03/2025 തീയതി വൈകുന്നേരം 5 മണിക്ക്** മുൻപായി സമർപ്പിക്കേണ്ടതാണ്.

**കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. സ്കോർ മുഖേനെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുമ്പോൾ ഓരോ എച്ച്.എസ്.എസ്.ടി ജൂനിയറിൻ്റെയും Reporting Officer അതാതു കാലയളവിലെ ബന്ധപ്പെട്ട പ്രിൻസിപ്പൽ/പ്രിൻസിപ്പൽ ഇൻ-ചാർജ്ജ് മാരും Reviewing Officer ബന്ധപ്പെട്ട (നിലവിലെ) ആർ.ഡി.ഡി മാരും Accepting Authority (നിലവിലെ) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ -ഉം ആയി Assign ചെയ്യേണ്ടതാണ്. Electronic Confidential Report

സമർപ്പിക്കുന്നതിലേക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ വീഡിയോ സഹിതം **www.score.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്, ആയതു പരിശോധിച്ച് അപാകതകൾ ഇല്ലാതെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. സ്കോർ മുഖേനെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ചു സംശയം ഉള്ള പക്ഷം **bytransfer.score2024@gmail.com** എന്ന മെയിൽ ഐ.ഡി-യിലേക്ക് അധ്യാപകരുടെ പേര്, പെൻ, തസ്തിക, വിഷയം എന്നിവ ഉൾപ്പെടുത്തി മെയിൽ അയയ്ക്കാവുന്നതാണ്.

2. ഓരോ കലണ്ടർ വർഷത്തേയും (അതത് വർഷം ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള) പ്രത്യേകം കോൺഫിഡൻഷ്യൽ റിപ്പോർട്ട്, **Self Appraisal**, ഒരു കലണ്ടർ വർഷം ഒന്നിൽ കൂടുതൽ സ്കൂളുകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത കാലയളവുകളിലേക്ക് പ്രത്യേകം കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. **DEPUTATION** കാലയളവുകളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടും മേൽ പ്രകാരം തന്നെ സമർപ്പിക്കേണ്ടതാണ്.

**3.** അപൂർണ്ണമായ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഡി.പി.സി.യിൽ ഉൾപ്പെടുത്താൻ സാധ്യമല്ലെന്നും, ഇത്തരക്കാരെ തസ്തികമാറ്റ നിയമനത്തിനായി പരിഗണിക്കുന്നതല്ലെന്നും അറിയിക്കുന്നു. കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കാത്ത അധ്യാപകരെ സംബന്ധിച്ച വിവരം ബന്ധപ്പെട്ട സ്കൂൾ പ്രിൻസിപ്പൽ അറിയിക്കേണ്ടതാണ്.

**4.** 2025 മാർച്ച്, എപ്രിൽ, മെയ് മാസങ്ങളിൽ എച്ച്.എസ്.എസ്.റ്റി തസ്തികയിൽ വിരമിക്കൽ മൂലം ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുവിവരങ്ങൾ ചുവടെ ചേർക്കുന്നു. **പൊതുവിദ്യാഭ്യാസ വകുപ്പിലെ എച്ച്.എം മാരുടെ പ്രിൻസിപ്പൽ പ്രൊമോഷനായി മാറ്റേണ്ട ഒഴിവുകൾ ലഭ്യമായിട്ടില്ലാത്തതിനാലും ശ്യൂന്യവേതനാവധി/അന്യത്രസേവന കാലാവധി അവസാനിക്കുന്ന അധ്യാപകരെ നിയമിക്കുന്നതിലേക്ക് ഒഴിവുകൾ മാറ്റി വെയ്ക്കേണ്ടതിനാലും ജൂനിയർ അധ്യാപകരുടെ തസ്തികമാറ്റത്തിനായുള്ള ചുവടെ ചേർത്തിട്ടുള്ള ഒഴിവുകളിൽ മാറ്റം വരാവുന്നതാണ്.**

**5.** **30/11/2023 തീയതിയിലെ GO(P)No 17/2023/P&ARD** അനുസരിച്ച് എച്ച്.എസ്.എസ്.ടി. തസ്തികമാറ്റ നിയമനം ഉത്തരവാകുന്നതിനു മുൻപ് പ്രസ്തുത നിയമനം റിലിംഗ്വിഷ് ചെയ്യുന്നതിനുള്ള അപേക്ഷ യഥാവിധി സമർപ്പിക്കേണ്ടതാണ്.

| ക്രമ നമ്പർ | വിഷയം | എച്ച്.എസ്.എസ്.റ്റി ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | മലയാളം | 17 |
| 2 | ഹിന്ദി | 11 |
| 3 | ഇംഗ്ലീഷ് | 34 |
| 4 | അറബിക് | 06 |
| 5 | ഫിസിക്സ് | 18 |
| 6 | കെമിസ്ട്രി | 18 |
| 7 | സോഷ്യോളജി | 06 |
| 8 | ഹിസ്റ്ററി | 23 |
| 9 | പൊളിറ്റിക്കൽസയൻസ് | 17 |
| 10 | ഇക്കണോമിക്സ് | 40 |
| 11 | സ്റ്റാറ്റിസ്റ്റിക്സ് | 05 |
| 12 | കൊമേഴ്സ് | 28 |
| 13 | ജ്യോഗ്രഫി | 01 |
| 14 | കമ്പ്യൂട്ടർ സയൻസ് | 08 |
| 15 | സുവോളജി | 10 |
| 16 | മാത്തമാറ്റിക്സ് | 45 |
| 17 | ജിയോളജി | 04 |
| 18 | ജേർണലിസം | 01 |
| 19 | ബോട്ടണി | 14 |

കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്ന അധ്യാപകർ പ്രൊബേഷൻ ഉത്തരവ്, കോൺഫിഡൻഷ്യൽ റിപ്പോർട്ട് കാലയളവിൽ സർവ്വീസ് ബ്രേക്ക് ഉണ്ടെങ്കിൽ അതിന്റെ സർട്ടിഫിക്കറ്റ് (Circular No. 65813/CR Cell/12/GAD Dated : 04/01/2012 കാണുക), അച്ചടക്ക നടപടി കൈകൊണ്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും, പ്രസ്തുത നടപടി തീർപ്പാക്കിയിട്ടുണ്ടെങ്കിൽ തീർപ്പാക്കികൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ്, കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ **10 A ഗ്രേഡ്** ലഭ്യമാകുന്ന അധ്യാപകരുടെ പ്രവർത്തന മികവ് സംബന്ധിച്ച സാക്ഷ്യപത്രം എന്നിവ ബന്ധപ്പെട്ട പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തി ഓഫീസ് സീൽ സഹിതം കോൺഫിഡൻഷ്യൽ റിപ്പോർ ട്ട് സമർപ്പിക്കേണ്ട അവസാന തീയതിക്കുള്ളിൽ താഴെ പറയുന്ന ഇ-

മെയിലുകളിൽ PDF ആയി സമർപ്പിക്കേണ്ടതാണ്.

- വിവിധ വിഷയങ്ങളുടെ മെയിൽ ഐഡികൾ ചുവടെ ചേർക്കുന്നു.

| Sl.No | Subject | Mail Id |
|---|---|---|
| 1 | Hindi, Arabic, Urdu, Tamil, Geology | transferadc1@gmail.com |
| 2 | Botany, Sociology, Philosophy, Kannada, Psychology, Islamic History, Music, Electronics, Home Science | transferadc2@gmail.com |
| 3 | Political Science, History, Gandhian studies,Social Work, | transferadc3@gmail.com |
| 4 | Economics, Statistics, Russian, German | transferadc4@gmail.com |
| 5 | Malayalam, Sanskrit, Journalism, Anthropology | transferadc5@gmail.com |
| 6 | Computer Science | transferadc6@gmail.com |
| 7 | Geography ,Zoology | transferadb1hse@gmail.com |
| 8 | Mathematics | transferadb2@gmail.com |
| 9 | Commerce | transferadb3@gmail.com |
| 10 | English | transferadb4@gmail.com |
| 9 | Chemistry | transferadb5@gmail.com |
| 10 | Physics | transferadb6@gmail.com |

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

**Note:** എല്ലാ പ്രിൻസിപ്പാൾമാരും/ പ്രിൻസിപ്പാൾ ഇൻ ചാർജ് ആയിട്ടുള്ള അധ്യാപകരും **SCORE** ൽ **designation** ഉൾപ്പെടെ **update** ചെയ്തിട്ടുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

Signed by
Santhosh Kumar .r
Date: 20-02-2025 19:11:03